ദൈവമേ,

# നിർമലമായ ഹൃദയം

എന്നിൽ സൃഷ്ടിക്കണമേ.

സങ്കീ 51, 10

# വിചിന്തനം

മാർച്ച് 2026

ചില സന്ദർഭങ്ങളിൽ നമ്മുടെ പ്രാർഥന വളരെ ലളിതമായിരിക്കും. കുറഞ്ഞ വാക്കുകളിൽ, ഭാഷാ സൗന്ദര്യമോ വാക്യഘടനയോ ശ്രദ്ധിക്കാതെ, നാം ആയിരിക്കുന്ന അവസ്ഥയുടെ ആഴത്തിൽ നിന്ന് ഒരു കരച്ചിലായി അതു പുറത്തുവരും. സങ്കീർത്തനം 51 അങ്ങനെയൊന്നാണ്. സ്വന്തം ഹൃദയ ത്തിലേക്ക് ആത്മാർഥമായി നോക്കിയ ഒരാളുടെ പ്രാർഥന. ലൗകീകമായ അറിവോ പ്രയത്നമോ പരി ഹാരങ്ങളോ തനിക്ക് സൗഖ്യം നൽകില്ലെന്നും ദൈവത്തിനു മാത്രമാണ് അതിനു കഴിയുന്ന തെന്നും മനസ്സിലാക്കിയ ഒരു ഹൃദയത്തിന്റെ പ്രാർഥന.

''ദൈവമേ, നിർമലമായ ഹൃദയം എന്നിൽ സൃഷ്ടിക്കണമേ'' എന്നു നാം മന്ത്രിക്കുമ്പോൾ, തന്റെ കുറവുകളെപ്പറ്റി ബോധവാനായി, വിശ്വാസത്തോടെ ദൈവത്തിങ്കലേക്ക് തിരിയുന്ന ദാവീദിന്റെ അതേ അവസ്ഥയിലാണ് നാം നിൽക്കുന്നത്. ഈ പ്രാർഥന നിരാശയുടെ നിലവിളിയല്ല. എല്ലാറ്റിനെയും നവീകരിക്കുന്ന ദൈവസന്നിധിയിലാണ് യഥാർഥ നവീകരണം ആരംഭിക്കുന്നത് എന്ന തിരിച്ചറിവിൽ നിന്നാണ് ഈ പ്രാർഥന ഉയരുന്നത്.

നോമ്പുകാലത്തിലൂടെ യാത്ര ചെയ്യുമ്പോൾ ഈ പ്രാർഥന ഒരു ക്ഷണമാണ്. നോമ്പ് ത്യാഗ ത്തിന്റെയും അച്ചടക്കത്തിന്റെയും മാത്രമല്ല, മറിച്ച് മടക്കയാത്രയുടെയും കാലമാണ്. നമ്മെ പൂർണ മായി അറിയുന്ന, കരുണയോടെ നമ്മെ നോക്കുന്ന ഒരാളിലേക്ക് മടങ്ങാനുള്ള വിളിയാണത്. സങ്കീർത്തകന്റെ ഈ വചനം വീട്ടിലേക്കുള്ള ആ വഴി തുറക്കുകയാണ്.

നിശബ്ദതയിൽ പരിശോധിച്ചാൽ നമ്മുടെയുള്ളിനെ അലങ്കോലപ്പെടുത്തുന്ന പലതും നമുക്ക് തിരിച്ചറി യാനാകും; ക്ഷീണം, നീരസം, തിടുക്കത്തിലുള്ള തിരഞ്ഞെടുപ്പുകൾ, ഉള്ളിലൊതുക്കിയ ഭയങ്ങൾ, ആരാലും കേൾക്കപ്പെടുന്നില്ല എന്ന വേദന തുടങ്ങിയവ.

വീട്ടിലും പുറത്തുമെല്ലാം നാം ആത്മീയമായ വരൾച്ച അനുഭവിക്കുന്ന സമയങ്ങളുണ്ട്. ചിലരുടെ മുനയുള്ള വാക്കുകളും നമുക്കു മനസ്സിലാകാത്ത ചില തീരുമാനങ്ങളും ഒഴിവാക്കപ്പെടലുമെല്ലാം നമ്മെ മുറിവേൽപ്പിക്കാറുണ്ട്. നാം പങ്കെടുക്കുന്ന ഒരു മീറ്റിങ്ങിൽ നമ്മെ ആരും ഗൗനിക്കാത്തപ്പോൾ, നമ്മുടെ അഭിപ്രായങ്ങൾക്ക് ആരും വിലകൽപിക്കാത്തപ്പോൾ, ചിലർമാത്രം ചേർന്ന് നമുക്ക് അംഗീക രിക്കാനാകാത്ത തീരുമാനങ്ങളെടുക്കുമ്പോൾ, നമ്മുടെ ഹൃദയം ഈ അനുഭവങ്ങളെല്ലാം കൂട്ടിവയ്ക്കും. നാം അറിയാതെയെങ്കിലും ഈ അനുഭവങ്ങൾ നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖല കൾക്കും നിശബ്ദമായി രൂപമാറ്റം വരുത്തുന്നുണ്ട്.

ഓരോ ദിനവും ഹൃദയത്തെ ഭാരപ്പെടുത്തുന്ന പല സന്ദർഭങ്ങളിലൂടെ കടന്നുപോകുമ്പോൾ, പഴയ സമാധാനത്തിലേക്കു മടങ്ങാനും എല്ലാം പുതുതായി തുടങ്ങാനും നാം ആഗ്രഹിക്കും. ഇതുതന്നെ നമ്മിൽ കൃപ പ്രവർത്തിക്കുന്നുവെന്നതിന്റെ തെളിവാണ്. ദൈവമാണ് ഇവിടെ നമ്മെ മടങ്ങാൻ പ്രേരിപ്പിക്കുന്നത്, അത് ഒരു ബലപ്രയോഗത്തിലൂടെയല്ല, മറിച്ച് കൂടുതൽ മെച്ചമായതു കണ്ടെത്താ നുള്ള ശാന്തമായ പ്രചോദനങ്ങളിലൂടെയാണ്.

ഇതുകൊണ്ടാണ്, 'സൃഷ്ടിക്കണമേ' എന്ന വാക്ക് വളരെ ശക്തിയുള്ളതാകുന്നത്. ദാവീദ് തന്റെ ഹൃദയം മെച്ചപ്പെടുത്തണമെന്നോ, കേടുപാടുകൾ തീർക്കണമെന്നോ അല്ല ആവശ്യപ്പെടുന്നത്. മറിച്ച് ഒരു പുതിയ ഹൃദയം സൃഷ്ടിക്കണമെന്നാണ്. അതാകട്ടെ, ദൈവത്തിനു മാത്രം കഴിയുന്നതും. നവീകരണമെന്നത് കൃത്യമായ അച്ചടക്കത്തിലൂടെ നമ്മൾ നടപ്പാക്കുന്ന ഒരു കർമ്മ പദ്ധതിയല്ല; പകരം

നമ്മിലേക്കൊഴുകാൻ നമ്മൾ  അനുവദിക്കുന്ന കൃപയാണത്. നമ്മിൽ പലരും ആന്തരീക സംഘർഷ ങ്ങളെ നേരിടുന്നത് കൂടുതൽ പ്രവർത്തനങ്ങളിലേർപ്പെട്ടാണ്. തീർച്ചയായും അതിനു പ്രാധാന്യമുണ്ട്. എന്നാൽ നമ്മുടെ ഹൃദയങ്ങളെ തൊടാൻ ദൈവത്തെ അനുവദിക്കുക എന്നതാണ് ഇതിൽ ഒഴിച്ചു കൂടാനാകാത്ത ഭാഗം. നിർമലമായ ഹൃദയമെന്നാൽ പരിപൂർണമായ ഹൃദയമെന്ന് അർഥമില്ല, എന്നാൽ ദൈവം തന്നെ സ്വാഗതം ചെയ്യുന്നുവെന്ന് വിശ്വസിച്ച് വീണ്ടും വീണ്ടും മടങ്ങിവരുന്ന ഹൃദയമാണത്.

ജീവിതാനുഭവങ്ങൾ  ഹൃദയം കഠിനമാക്കാൻ അനുവദിക്കാതെ, അവയെ ദൈവത്തിനു മുൻപിലേക്കു സമർപ്പിക്കാനാണ് നോമ്പ് നമ്മോട് ആവശ്യപ്പെടുന്നത്. ''ദൈവമേ, നിർമലമായ ഹൃദയം എന്നിൽ സൃഷ്ടിക്കണമേ'' എന്ന ലളിതമായ പ്രാർഥനയോടെ.

ജോലികൾക്കിടയിലും സംസാരങ്ങൾക്കിടയിലും പ്രതീക്ഷകൾക്കിടയിലും ഈ പ്രാർഥന ഉണരണം. നാം തളർന്നുപോകുമ്പോഴും പരിഗണിക്കപ്പെടാതെ പോകുമ്പോഴും ഈ പ്രാർഥന നമ്മെ ജീവിപ്പി ക്കുന്ന ശ്വാസമാകട്ടെ. നമ്മുടെ പ്രയാസങ്ങളെ മൂടിവയ്ക്കാനല്ല, നോമ്പ് ആവശ്യപ്പെടുന്നത്, അവയെ രൂപാന്തരപ്പെടുത്താൻ കഴിയുന്ന പ്രകാശത്തിലേക്ക് തുറന്നുവയ്ക്കാനാണ്.

നിർമലമായ ഹൃദയം സ്വതന്ത്രമായ ഹൃദയവുമാണ്. അത് വേഗത്തിൽ ക്ഷമിക്കുന്നു, ആഴത്തിൽ ശ്രവിക്കുന്നു, ക്ഷമയോടെ പ്രത്യാശിക്കുന്നു, ഭയമില്ലാതെ പ്രതികരിക്കുന്നു. അത് കോലാഹല ങ്ങൾക്കു പകരം സമാധാനം സംജാതമാക്കുന്നു. മാനുഷിക  സംവിധാനങ്ങൾക്കു  ഫലപ്രാപ്തി യില്ലാത്തപ്പോഴും ദൈവീക  പ്രവർത്തനം  ദർശിക്കുന്നു.

ഒരു അന്തർദേശീയ മുന്നേറ്റമെന്ന നിലയിൽ നമ്മിൽ വിവിധ സംസ്കാരങ്ങളും വരദാനങ്ങളും അനുഭവങ്ങളുമുണ്ട്. ഈ വിചിന്തനം നമ്മിൽ ഓരോരുത്തരിലും ആന്തരീകമായ ഒരു മടക്കയാത്ര സാധ്യമാക്കിയാൽ, നമ്മുടെ ഹൗസ്ഹോൾഡുകളും മിഷനുകളും സൗഹൃദങ്ങളും നേതൃത്വമേഖലക ളുമെല്ലാം ഒരു പുതിയ തുറവിയിലേക്ക് ഉണരും. വൈവിധ്യത്തെ സ്വാഗതം ചെയ്യുന്ന, യുവത്വത്തെ പ്രോൽസാഹിപ്പിക്കുന്ന, എല്ലാ വരദാനങ്ങൾക്കും അവസരം നൽകുന്ന തുറവി.

ഈ നോമ്പ് കാലത്തിലൂടെ കടന്നുപോകുമ്പോൾ ലളിതമായ ഈ പ്രാർഥന നമ്മിൽ സ്ഥിരപ്പെടട്ടെ. ''ദൈവമേ, നിർമലമായ ഹൃദയം എന്നിൽ സൃഷ്ടിക്കണമേ''.

ഷോയ് തോമസ്

*ജീസസ് യൂത്ത് മുൻ ഇന്റർനാഷനൽ കൗൺസിൽ കോഓർഡിനേറ്ററായ ഷോയ്, ബിസിനസ് ഡവലപ്മെന്റ് ഡയറക്ടറായി ജോലി ചെയ്യുന്നു. ഭാര്യ ചിഞ്ചു മരിയ ഫ്രാൻസിസിനൊപ്പം ബെംഗളൂരുവിൽ താമസിക്കുന്നു.*